"ഭരണ ഭാഷ - മാതൃഭാഷ"

**നം.എച്ച്2/35985/2016/ഡി.പി.ഐ.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി, 9.11.2016

പ്രേഷിതാവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം – അധ്യാപക തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതുസംബന്ധിച്ച്.

സൂചന :-
1 29.01.2016 ലെ ജി.ഒ(പി) നമ്പർ 29/2016/പൊ.വി.വ
2 05.08.2016 ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ.
3 ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് ശ്രീ.എം.സ്വരാജ് എം.എൽ.എ 03.09.2016 ന് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.
4 ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ 04.09.2016 ലെ നിർദേശം

**********

സൂചന രണ്ടിലെ ഉത്തരവ് വഴി, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ അധ്യാപക തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ അവിടെ എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർ വിന്യസിക്കാൻ നിർദേശിച്ചിരുന്നു. പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നടക്കുന്നതുവരെയുള്ള ഒരു താൽക്കാലിക ക്രമീകരണം മാത്രമാണിത്. പി.എസ്.സി.പരീക്ഷകൾ എഴുതിയവരും ലിസ്റ്റുകളിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾക്ക് ഈ തീരുമാനം ആശങ്കയുണർത്തിയതായി ഡയറക്ടറേറ്റിൽ ലഭിക്കുന്ന നിവേദനങ്ങളിൽ നിന്നും മനസ്സിലാകുന്നു. മാത്രമല്ല, ഈ വിഷയത്തിൽ ബഹു.എം.എൽ.എ ശ്രീ.എം.സ്വരാജ് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കാനും അദ്ദേഹം നിർദേശം നൽകിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളിൽ സ്ഥിരമായി പുനർവിന്യസിക്കുക എന്നത് സർക്കാരിന്റെയോ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെയോ നയമല്ല. അതുകൊണ്ടുതന്നെ പി.എസ്.സി.പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് ആശങ്കയുണർത്തുന്ന യാതൊരു നടപടികളും സംരക്ഷിതാദ്ധ്യാപകരുടെ പുനർ വിന്യാസ വിഷയത്തിൽ സ്വീകരിച്ചിട്ടില്ല. പി.എസ്.സി.ലിസ്റ്റില്ലാത്ത വിഷയങ്ങളിലെ പുനർവിന്യാസം തികച്ചും താൽക്കാലികമായ ഒരു ക്രമീകരണമായതിനാൽ അത് ഉദ്യോഗാർത്ഥികൾക്ക് ഒരു തരത്തിലുള്ള ഭീഷണിയും ഉയർത്തുന്നതല്ല. ഇങ്ങനെ

(മറുപുറം)

ചെയ്യുന്നതുമൂലം ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിലോ നിയമനം നടത്തുന്നതിലോ വീഴ്ചകളൊന്നും ഉണ്ടാകരുതെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ഇതിനു മുമ്പും അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

എന്നിരുന്നാലും ഈ വിഷയത്തിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും താഴെ പറയുന്ന നടപടികൾ കൂടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

1. പി.എസ്.സി വഴി നിയമനം നടത്തേണ്ട ഒഴിവുകളിൽ താൽക്കാലികമായി പുനർ വിന്യസിച്ചിരിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, മാതൃ വിദ്യാലയം, പുനർവിന്യസിച്ച സർക്കാർ സ്കൂൾ, പുനർവിന്യാസ ഉത്തരവിന്റെ തീയതി മുതലായവ) താങ്കളുടെ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം. ലിസ്റ്റിന്റെ അവസാന കോളമായി "മാതൃവിദ്യാലയത്തിലേക്ക്/മറ്റേതെങ്കിലും ഒഴിവിലേക്ക് തിരിച്ചു പോയ തീയതി" കൂടി ചേർക്കണം. ഇത് പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് സംരക്ഷിതാദ്ധ്യാപകർ തിരികെ പോകുന്ന തീയതി രേഖപ്പെടുത്താനുള്ളതാണ്.

2. ഈ താൽക്കാലിക പുനർ വിന്യാസം മൂലം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒരൊഴിവ് പോലും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കരുത്. ഒരു നിയമനവും തടസ്സപ്പെടുകയുമരുത്. ഇക്കാര്യത്തിൽ സദാ ജാഗ്രത പാലിക്കണം. പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് അയക്കുമ്പോൾ തന്നെ സംരക്ഷിതാദ്ധ്യാപകൻ അവിടെ ഉണ്ടെങ്കിൽ മറ്റേതെങ്കിലും ഒഴിവിലേക്ക്/മാതൃ വിദ്യാലയത്തിലേക്ക് മാറ്റിക്കൊണ്ടുള്ള ഉത്തരവും നൽകിയിരിക്കണം.

3. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെ കാത്തിരിക്കരുത്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് അവ കൃത്യമായി റിപ്പോർട്ട് ചെയ്യണം. ഓരോ കാറ്റഗറിയിലും ആകെയുള്ള ഒഴിവുകളുടെയും, അവയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെയും വിശദാംശങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. ഈ നടപടികൾ ഇത്തരത്തിൽ സുതാര്യമാകുമ്പോൾ മാത്രമേ ഉദ്യോഗാർത്ഥികളുടെ ആശങ്ക മാറി പരാതികൾക്ക് ശമനമുണ്ടാകൂ.

4. ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന താൽക്കാലികാദ്ധ്യാപകർ ഉള്ള വിദ്യാലയങ്ങളിലെ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പ്രഥമാദ്ധ്യാപകർ അലംഭാവം കാട്ടുന്നുവെന്ന് ഉദ്യോഗാർത്ഥികൾ പരാതിപ്പെടുന്നുണ്ട്. ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ അത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ ഉദ്യോഗസ്ഥരുടെ പേരു വിവരം അച്ചടക്കനടപടികൾക്കായി ശിപാർശ ചെയ്യേണ്ടതാണ്. പി.എസ്.സി.ലിസ്റ്റ് നിലവിലുള്ളപ്പോൾ, ഒഴിവ് റിപ്പോർട്ട് ചെയ്യാതെ ദിനവേതനം നൽകി അധ്യാപകരെ നിയമിച്ചാൽ അത് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകന്റെ ബാധ്യതയായി തിട്ടപ്പെടുത്തേണ്ടതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഇത് ബാധകമാക്കേണ്ടതില്ല.

മേൽ പറഞ്ഞ കാര്യങ്ങളിൽ താങ്കൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കണമെന്നും നിർദേശങ്ങൾ കൃത്യമായി നടപ്പാക്കണമെന്നും ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

**കെ.വി.മോഹൻ കുമാർ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

കെ.ആർ/-